# PM interacts with SAARC leaders to combat COVID-19 in the region

March 15, 2020

**പ്രാദേശികമായി കോവിഡ്-19 നേരിടുന്നതിനായി പ്രധാനമന്ത്രി SAARC നേതാക്കളുമായി ചർച്ച നടത്തി.**
**മാർച്ച് 15, 2020**

SAARC രാജ്യങ്ങൾക്കായി ഒരു കോവിഡ്-19 അത്യാഹിത ഫണ്ടിന് പ്രധാനമന്ത്രി ശുപാർശ ചെയ്തു.

പ്രാദേശികമായി കോവിഡ്-19 നേരിടുന്നതിനുള്ള പൊതു സമീപനം തയാറാക്കുന്നതിനെക്കുറിച്ചു ശ്രീ നരേന്ദ്ര മോഡി SAARC നേതാക്കളുമായി വിഡിയോ കോൺഫറൻസിലൂടെ സംവദിച്ചു.

പങ്കിട്ട ചരിത്രം - കൂട്ടായ ഭാവി

പെട്ടന്നുള്ള ക്ഷണത്തിൽ ഒത്തു ചേർന്ന SAARC നേതാക്കളോട് പ്രധാനമന്ത്രി നന്ദി പറഞ്ഞു. പിൽക്കാലങ്ങളിൽ വ്യക്തിഗത ബന്ധങ്ങളും SAARC രാജ്യങ്ങളിലെ സമൂഹങ്ങൾ തമ്മിലുള്ള ബന്ധവും ഊന്നിപറഞ്ഞുകൊണ്ട് രാജ്യങ്ങൾ വെല്ലുവിളികളെയും ഒന്നിച്ചു തന്നെ നേരിടാൻ തയ്യാറാകേണ്ടത് പ്രധാനമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മുന്നോട്ടുള്ള വഴി

സഹകരണത്തിന്റെ പശ്ചാത്തലത്തിൽ, എല്ലാ രാജ്യങ്ങളിൽ നിന്നും സ്ഥിരമല്ലാത്ത തുക സംഭാവനകൾ നൽകി ഒരു കോവിഡ്-19 അത്യാഹിത ഫണ്ട് രൂപീകരിക്കുന്നതിനെക്കുറിച്ച് പ്രധനമന്ത്രി മോഡി സൂചിപ്പിച്ചു, ഇതിനായി ഇന്ത്യ ആദ്യമായി 10 മില്യൺ യു എസ് ഡോളറും വാഗ്ദാനം ചെയ്തു. പെട്ടന്നുള്ള പ്രവർത്തനങ്ങൾക്ക് പങ്കാളിത്ത രാജ്യങ്ങൾക്ക് ഈ ഫണ്ട് എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. ഡോക്ടർമാരും ആരോഗ്യ വിഗദ്ധരും പരിശോധന കിറ്റുകളും ഉപകാരങ്ങളും ഉൾപ്പടെയുള്ള ദ്രുത കർമ്മ സേനയെ ഇന്ത്യ സൃഷിടിക്കുകയാണ് എന്നും ആവശ്യമുള്ള രാജ്യങ്ങളിൽ നിയമിക്കുന്നതാണ് ഇന്ന് അദ്ദേഹം അറിയിച്ചു.

അയൽ രാജ്യത്തെ ദ്രുത കർമ്മ സേനകൾക്ക് ഓൺലൈൻ ആയി പരിശീലനം

നൽകുമെന്നും  കൂടാതെ വൈറസ് വാഹകരെയും അവർ സമ്പർക്കത്തിലുള്ള ആളുകളെയും കണ്ടെത്തുന്നതിനായി ഇന്ത്യയുടെ ഇന്റഗ്രേറ്റഡ് ഡിസീസ് സർവിലയൻസ് പോർട്ടൽ പങ്കുവയ്ക്കുമെന്നും പ്രധാനമന്ത്രി വാഗ്ദാനം ചെയ്തു. നിലവിലുള്ള പദ്ധതികളായ SAARC ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ പോലുള്ളവയും മികച്ച പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

ദക്ഷിണ ഏഷ്യ പ്രവിശ്യയിൽ പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള ഗവേഷണങ്ങൾ ക്രോഡീകരിക്കുന്നതിനു ഒരു പൊതുവായ പ്ലാറ്റ് ഫോം സൃഷ്ടിക്കുന്നതിനും അദ്ദേഹം ശുപാർശ ചെയ്തു. കോവിഡ് -19 ന്റെ ദീർഘകാല സാമ്പത്തികപ്രത്യാഘാതങ്ങളെക്കുറിച്ചും  കൂടാതെ ആഭ്യന്തര വ്യവസായങ്ങളും പ്രാദേശിക മൂല്യ ശ്യംഖലകളും എങ്ങനെ മികച്ച രീതിയിൽ സംരക്ഷിക്കാമെന്നതും കൂടുതലായി ചിന്തിക്കേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിർദേശിച്ച സംരംഭങ്ങൾക്ക് നേതാക്കൾ പ്രധാനമന്ത്രിയോട് നന്ദി പറഞ്ഞു. ഈ യുദ്ധം ഒരുമിച്ചു പൂർത്തിയാക്കാം എന്ന് പ്രധാനമന്ത്രി ആവർത്തിച്ചു കൂടാതെ SAARC അയൽ രാജ്യങ്ങളുടെ സഹകരണം ലോകത്തിനാകെ മാതൃകയാകുമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

അനുഭവങ്ങൾ പങ്കു വയ്ക്കൽ

ഇന്ത്യയെ നയിക്കുന്ന മന്ത്രം 'തയാറായിക്കൂ , എന്നാൽ ഭയപ്പെടാതിരിക്കൂ എന്നതാണ് ' എന്ന് പ്രധാനമന്ത്രി പറഞ്ഞു. അദ്ദേഹം ഗ്രെയ്ഡഡ് റെസ്പോൺസ് മെക്കാനിസം, രാജ്യത്തു വരുന്നവരെയെല്ലാം പരിശോധിക്കുന്നത്, TV, അച്ചടി മാധ്യമങ്ങൾ കൂടാതെ സാമൂഹിക മാധ്യമങ്ങൾ എന്നിവയിലൂടെ പൊതു അവബോധ കാമ്പയിനുകൾ,  അപകടസാധ്യത കൂടുതലുള്ള ഗ്രൂപ്പുകളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശ്രമങ്ങൾ, രോഗനിർണയ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നത് കൂടാതെ പകർച്ച വ്യാധിയുടെ ഓരോ ഘട്ടത്തിലും അത് കൈകാര്യം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് എന്നിങ്ങനെ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുകയുണ്ടായി..

ഇന്ത്യ 14000 ഇന്ത്യൻ പൗരന്മാരെ വിവിധ രാജ്യങ്ങളിൽ നിന്നും കൊണ്ട് വരുക മാത്രമല്ല 'അയൽ രാജ്യ മുൻഗണന നയത്തിലൂടെ' അയൽ രാജ്യങ്ങളിലെ പൗരന്മാരെയും വിജയകരമായി രക്ഷപ്പെടുത്തിയെന്നു അദ്ദേഹം പറഞ്ഞു.

ഇറാനുമായി തുറന്ന അതിർത്തി ഉള്ളതാണ് അഫ്ഗാനിസ്ഥാന്റെ ഏറ്റവും വലിയ ദോഷമെന്ന് പ്രസിഡന്റ് അഷറഫ് ഗാനി പറഞ്ഞു. ലയന മാതൃകകൾ തയ്യാറാക്കുന്നതും, ടെലി മെഡിസിനായി ഒരു പൊതുവായ ഘടന

രൂപപ്പെടുത്തുന്നതും അയൽ രാജ്യങ്ങളുമായി മികച്ച സഹകരണം കൊണ്ടുവരുന്നതും അദ്ദേഹം ശുപാർശ ചെയ്തു.

കോവിഡ് -19 കേസുകളെ നേരിടുന്നതിന് ഇന്ത്യൻ സർക്കാർ നൽകിയ വൈദ്യ സഹായത്തിനും മാലദ്വീപിൽ നിന്നുള്ള ഒൻപത് പേരെ വുഹാനിൽ നിന്നും തിരികെയെത്തിച്ചതിനും പ്രസിഡണ്ട് മുഹമ്മദ് സ്വലിഹ് ഇന്ത്യൻ സർക്കാരിന് നന്ദി പറഞ്ഞു. രാജ്യത്തെ ടൂറിസം മേഖലയിൽ നിന്നും കോവിഡ് -19 വരുത്താനിടയുള്ള പ്രത്യാഘാതങ്ങളും അതിനും സാമ്പത്തികാവസ്ഥയിലുള്ള ദോഷങ്ങളും അദ്ദേഹം ചൂണ്ടികാണിച്ചു. രാജ്യത്തെ ആരോഗ്യ അത്യാഹിത ഏജൻസികൾ തമ്മിലുള്ള അടുത്ത സഹകരണവും സാമ്പത്തിക നിവാരണ പാക്കേജുകളുടെ രുപീകരണവും പ്രാദേശികമായ ദീർഘകാല റിക്കവറി പ്ലാനുകളും അദ്ദേഹം ശുപാർശ ചെയ്തു.

സാർക് നേതാക്കൾ സാമ്പത്തികാവസ്ഥക്ക് സഹായകമാകുന്ന രീതിയിൽ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് പ്രസിഡണ്ട് ഗോതബായ രാജപാക്സെ ശുപാർശ ചെയ്തു. മികച്ച പ്രവർത്തനങ്ങൾക്കാYUM കോവിഡ് -19 പ്രതിരോധത്തിനായുള്ള വസ്തുതകൾ ക്രോഡീകരിക്കുന്നതിനും SAARC ന്റെ മന്ത്രിതല സംഘം രുപീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ക്വാറന്റൈൻ കാലാവധിയിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്കൊപ്പം വുഹാനിൽ നിന്നും 23 ബംഗ്ലാദേശി വിദ്യാർത്ഥികളെയും തിരികെ കൊണ്ട് വന്നതിന് പ്രധാനമന്ത്രി ഷെയ്ക്ക് ഹസീന പ്രധാന മന്ത്രി നരേന്ദ്ര മോദിയോട് നന്ദി പറഞ്ഞു. പ്രദേശത്തെ ആരോഗ്യമന്ത്രിമാരും സെക്രട്ടറിമാരും തമ്മിൽ സാങ്കേതിക മേഖലയിലുള്ള വീഡിയോ കോൺഫറൻസ് തുടരേണ്ടതാണെന്ന് അവർ ശുപാർശ ചെയ്തു.

നേപ്പാളിനെ കോവിഡ് -19 നോട് എതിരിടാൻ SAARC നേതാക്കൾ നടത്തിയ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി KP ശർമ്മ ഒലി അഭിനന്ദിച്ചു. SAARC രാജ്യങ്ങളുടെ അറിവുകളും കൂട്ടായ പരിശ്രമങ്ങളും പകർച്ചവ്യാധികളെ നേരിടുന്നതിനുള്ള കാര്യക്ഷമമായ സമീപനത്തിന് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പകർച്ചവ്യാധികൾ ഭൂമിശാസ്ത്രപരമായ അതിർത്തികൾ പാലിക്കുകയില്ലെന്നും അതിനാൽ രാജ്യങ്ങൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്നും പ്രധാനമന്ത്രി ഡോ. ലോട്ടി ഷെറിങ് പറഞ്ഞു. കോവിഡ്-19 ന്റെ സമാപ്തിക പ്രത്യഘാതങ്ങളെക്കുറിച്ച് പകർച്ചവ്യാധികൾ ചെറുതും അപകട സാധ്യതകൾ ഉള്ളതുമായ സാമ്പത്തികാവസ്ഥകളെ അനുപാതികമായല്ലാതെ ബാധിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

തത്സമയ ആരോഗ്യ വിവരങ്ങൾ, ഡാറ്റാ കൈമാറ്റം, ഏകോപനം എന്നിവയ്ക്കായി ദേശീയ അധികാരികളുടെ ഒരു പ്രവർത്തന സംഘം സ്ഥാപിക്കാൻ SAARC സെക്രട്ടേറിയറ്റ് നിർബന്ധിതമാക്കണമെന്ന് ഡോ.സഫർമിർസ നിർദ്ദേശിച്ചു. രോഗ നിരീക്ഷണ ഡാറ്റ തത്സമയം പങ്കിടുന്നതിന് SAARC ആരോഗ്യമന്ത്രിമാരുടെ സമ്മേളനം നടത്തുന്നതും പ്രാദേശിക സംവിധാനങ്ങളുടെ വികസനവും അദ്ദേഹം നിർദ്ദേശിച്ചു.

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.